(ബി) അതിൽ ഇപ്പോൾ ആരെങ്കിലും താമസമുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര വീട്ടുകാർ;

(ഡി) അതിൽ അവശസമുദായക്കാർ എത്ര;

(ഇ) ഈ സ്ഥലത്തിന്റെ ഏതെങ്കിലും ഭാഗം ആർക്കെങ്കിലും കുത്തകപ്പാട്ടത്തിന് കൊടുത്തിട്ടുണ്ടോ;

(എഫ്) അവിടെത്തെ താമസക്കാരായ അവശസമുദായക്കാർ ടി സ്ഥലം അവർക്ക് കുത്തകപ്പാട്ട വ്യവസ്ഥയിൽ കുടിതാമസത്തിനായി കൊടുക്കണമെന്ന കാണിച്ചു സർക്കാരിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എത്ര കാലമായി;

(എച്ച്) ഈ സാധുക്കളെ കുടിയിരുത്തുന്നതിനായി സർക്കാരിൽനിന്നും ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ കാരണമെന്ത്?

ശ്രീ. എ. ജെ. ജോൺ:

(എ) അറുപുറമ്പോക്കുകളുടെ വിസ്തീർണ്ണം പ്രത്യേകം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ടി പുറമ്പോക്കിൽ മുന്നര ഏക്കർ സ്ഥലത്തു ആൾ താമസമുണ്ട്.

(സി) ഉവ.

(ഡി) ഉവ.

(ഇ) ടി സർവ്വെ നമ്പരിൽ ൪൭ സെൻറ് സ്ഥലം ഫ ഫ ഉ ൫ മുതൽ മത്തായി മാത്യു എന്ന ഒരാൾക്ക് കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(എഫ്) അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ജി) മുമ്പത്തെ അപേക്ഷ ഫ ഉ ൫-ൽ ആയിരുന്നു.

(എച്ച്, ഐ) പ്രവേശനസ്ഥലം കുത്തകപ്പാട്ടത്തിനു കൊടുക്കത്തക്കതല്ലാത്തതിനാൽ പ്രവേശനക്കാരെ ഒഴിപ്പിക്കുന്നതിനു സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രവേശനക്കാർ അവശസമുദായാംഗങ്ങൾ ആയതിനാൽ പ്രവേശനസ്ഥലത്തിനു പകരം വേറെ സ്ഥലം പ്രവേശനക്കാർ ആവശ്യപ്പെട്ടാൽ കൊടുക്കുന്നതിനു സർക്കാർ വ്യവസ്ഥചെയ്തിട്ടുണ്ട്.

Questions posted for answer on 21—3—1950

ജഡ്ജ്

*൧൭൫. (൨൮) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൈതീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടൂരിലെ (ട്രിച്ചൂർ ഡിസ്ട്രിക്റ്റ്) വില്ലേജ് കോർട്ട് മെമ്പറന്മാർ (ജഡ്ജ്) രാജി സമർപ്പിച്ചിട്ട് കാലമെത്രയായി;

(ബി) രാജി സ്വീകരിച്ചു പകരം മെമ്പറന്മാരെ നിയമിച്ചുകഴിഞ്ഞോ;

(സി) കാലതാമസംമൂലം കക്ഷികൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി വിഷമതകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) മൂന്നു മാസം.

(ബി) നിയമിച്ചുകഴിഞ്ഞു.

(സി) ഉദിക്കുന്നില്ല.

Questions posted for answer on 22—3—1950

കൊട്ടങ്ങല്ലൂർ താലൂക്കിൽ ഒരു മാർക്കറ്റിന്റെ ആവശ്യം

*൧൭൯. (൪൫) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊട്ടങ്ങല്ലൂരിൽ ശ്രീംഗപുരം എന്ന സ്ഥലത്തിനടുത്തുള്ള കൊള്ളിക്കാത്തറതോടിന്റെ ഒരു ഭാഗം ഒരു മാർക്കറ്റാക്കുന്നതിനായി നികത്തിയ പണിക്ക് സർക്കാരിനു എന്തു ചിലവുവന്നിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ പണി നടത്തിയിട്ട് കാലമെത്രയായി;

(സി) ഇത്രയധികം കാലമായിട്ടും അവിടെ ഒരു വെജിറ്റബിൾ മാർക്കറ്റ് സ്ഥാപിക്കാതിരിപ്പാൻ കാരണമെന്തു?

ശ്രീ. എ. ജെ. ജാൺ: (എ മുതൽ സിവരെ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

Questions posted for Answer on 24—3—1950

ദശവത്സരപദ്ധതി

*വ്യ വ്യ ൦. (നഗ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പോസ്റ്റവാർ റീകൺസ്ട്രക്ഷൻ ടെൻ ഈയർ സ്കീം എങ്ങിനെ പിന്നോക്കസമുദായത്തിനായി ൧൯൫൧ ൫ ചിങ്ങം മുതൽ മകരംവരെ എന്തു തുക ചിലവായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ദശവത്സരപദ്ധതി ഈ വർഷം എന്തെല്ലാം ജോലികൾ എവിടെയെല്ലാം പുതുതായി തുടങ്ങിയിട്ടുണ്ടെന്നു ദയവായി പറയുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൧,൫൦,൧൩൦ രൂപ ഗസ. ചിലവായിട്ടുണ്ട്.

(ബി) ദശവത്സരപദ്ധതി ഓരോ വർഷവും നടത്തേണ്ട ജോലികൾ ഇന്നിന്നവയെന്നു നിശ്ചയിക്കുന്നില്ല. ഈ പദ്ധതി അനുസരിച്ചു ചെയ്യുവരുന്ന ജോലികളുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശമേൽ വച്ചിരിക്കുന്നു.

ദശവത്സരപദ്ധതി ഓരോ വർഷത്തിലും ഏറ്റെടുക്കേണ്ട ജോലികൾ ഇന്നിന്നിവ എന്നു നിശ്ചയിക്കുന്നില്ല. അതിൽ താഴെ പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ട ഫണ്ടുകളുടെ ഒരു ഏകദേശ അടങ്കൽ മാത്രമാണു് നല്കിയിട്ടുള്ളതു്.

൧. കെട്ടിടത്തറകൾ, ശുശ്രൂഷാഭവനികൾ, പാതകൾ മുതലായവക്കു വ്യവസ്ഥ ചെയ്യുന്നതിനു ഭൂമി സമ്പാദിക്കുക.

൨. പിന്നോക്കസമുദായങ്ങളുടെ കാളനികൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

൩. പൊതുകെട്ടിടങ്ങൾക്കു് വ്യവസ്ഥ ചെയ്യുക.

൪. വിദ്യാർത്ഥികൾക്കും പ്രായപൂർത്തിയായവർക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക.

൫. കലപ്പുകൃഷി പദ്ധതി.

൬. ഗ്രാമീണ പുനഃസംഘടന.

൭. ആരോഗ്യവും ശുചിതാവും.

൮. വ്യവസായവും സഹകരണവും.

൯. കിണറുകൾ ഉണ്ടാക്കികൊടുക്കുക.

൧൦. ദരിദ്രർക്കും പ്രാരാബ്ധക്കാർക്കും വിവിധ ഇനത്തിലുള്ള സഹായവും, സാമുദായികസംഘടനകൾക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനവും.

നടപ്പുവർഷത്തിൽ പ്രധാനപ്പെട്ട ഉദ്ധാരണ പ്രവർത്തനം, വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി സൗജന്യങ്ങൾ നല്കുന്നതിലാണു് പതിഞ്ഞിരിക്കുന്നതു്. വിവിധകാളേജുകളിൽ പഠിക്കുന്ന ഏകദേശം ൫൫൦ പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കു ഹാസ്റ്റലിൽ സൗജന്യതാമസസൗകര്യവും അവരുടെ ചിലർ ചിലവുകൾക്കാവശ്യമായ ധനസഹായവും നല്കുകയുണ്ടായി. ഒരു വിദ്യാർത്ഥിക്കു പ്രതിമാസം ശരാശരി ൪൦ രൂപാ ചിലവുചെയ്യുന്നുണ്ടായി. ഹൈസ്കൂളുകളിലും മിഡിൽ സ്കൂളുകളിലും സംസ്കൃത സ്കൂളുകളിലും മറ്റും പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കു ആളൊന്നുക്കു ൫ രൂപാ മുതൽ ൨൫ രൂപാവരെ വരുന്ന ഗ്രാന്റു് നല്കിയിട്ടുണ്ടു്.

കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ ആരംഭിച്ചു പയർസ്കൂളുകൾ, നീരാപ്പാറശാലകൾ ഗ്രന്ഥശാലകൾ ഇവ ഈ വർഷവും തുടർന്നുവരുന്നു.

ദശവത്സരപദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുകയിൽനിന്നും ഈ ഡിപ്പാർട്ടുമെന്റ് ഈ വർഷം ആദ്യത്തെ മൂന്നുമാസത്തേക്കു നടത്തിയിട്ടുള്ള ചെലവു ഏകദേശം ൯൦,൫൦൦ രൂപായാണു്. വർഷത്തിന്റെ ശേഷിച്ച ഭാഗത്തിൽ ഉണ്ടായേക്കാവുന്ന ചെലവു് ൩൦,൦൦൦ രൂപാ ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly